# 2 യോഹന്നാൻ

1നമ്മിൽ വസിക്കുന്നതും നമ്മോടുകൂടെ
എന്നേക്കും ഇരിക്കുന്നതുമായ സത്യംനിമിത്തം,
ഞാൻ മാത്രമല്ല, 2സത്യത്തെ അറിയുന്ന എല്ലാ
വരും വാസ്തവമായി സ്നേഹിക്കുന്ന
ശ്രേഷ്ഠവനിതയ്ക്കും അവരുടെ മക്കൾക്കും,
മൂപ്പനായ ഞാൻ എഴുതുന്നത്:

3പിതാവായ ദൈവത്തിൽനിന്നും പിതാവി
ന്റെ പുത്രനായ യേശുക്രിസ്തുവിൽനിന്നും,
സത്യത്തിലും സ്നേഹത്തിലും, കൃപയും കരു
ണയും സമാധാനവും നമ്മോടുകൂടെ ഉണ്ടാ
യിരിക്കട്ടെ.

4പിതാവു നമ്മോടു കല്പിച്ചതുപോലെ,
താങ്കളുടെ മക്കളിൽ ചിലർ സത്യത്തിൽ
നടക്കുന്നതു കണ്ടു ഞാൻ വളരെ സന്തോഷിച്ചു.
5മാന്യവനിതേ, ഞാൻ ഇപ്പോൾ താങ്കൾക്കെഴു
തുന്നതു പുതിയൊരു കല്പനയല്ല; നാം അ
ന്യോന്യം സ്നേഹിക്കണം എന്നിങ്ങനെ നമു
ക്ക് ആദ്യംമുതലേ ലഭിച്ചിട്ടുള്ളതുതന്നെയാണ്.
6നാം അവിടുത്തെ കല്പനയനുസരിച്ചു
നടക്കുന്നതുതന്നേ സ്നേഹം. ആരംഭംമുതലേ
നിങ്ങൾ കേട്ടിട്ടുള്ളതുപോലെ, നിങ്ങൾ
സ്നേഹത്തിൽ നടപ്പിൻ.

7യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് അം
ഗീകരിക്കാത്ത അനേകം വഞ്ചകന്മാർ ലോ
കത്തിലേക്കു പുറപ്പെട്ടിരിക്കുന്നു. വഞ്ചകനും
എതിർക്രിസ്തുവും ഇപ്രകാരമുള്ളവൻ തന്നേ.
8പൂർണ്ണമായ ഒരു പ്രതിഫലം പ്രാപിക്കുവാൻ
തക്കവണ്ണം, ഞങ്ങളുടെ അധ്വാനഫലം നിങ്ങൾ
നഷ്ടമാക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊൾവിൻ.
9ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാ
തെ അതിനെ മറികടക്കുന്നവനു ദൈവമില്ല.
ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്
ക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. 10ഈ
ഉപദേശവുമായിട്ടല്ലാതെ ആരെങ്കിലും നിങ്ങളു
ടെ അടുക്കൽ വന്നാൽ അവനെ നിങ്ങളുടെ
വീട്ടിൽ സ്വീകരിക്കുകയോ കുശലം പറയുക
യോ അരുത്. 11അവനുമായി കുശലപ്രശ്നം
നടത്തുന്നവൻ അവന്റെ ദുഷ്പ്രവൃത്തികളിൽ
പങ്കാളിയത്രേ.

12നിങ്ങൾക്ക് എഴുതുവാൻ ധാരാളം ഉണ്ട്.
എന്നാൽ കടലാസും മഷിയുംകൊണ്ട് എഴുതു
വാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ
സന്തോഷം പൂർണ്ണമാകേണ്ടതിനു നിങ്ങളെ
സന്ദർശിച്ചു മുഖാമുഖമായി സംസാരിക്കുവാൻ
ഞാൻ ആഗ്രഹിക്കുന്നു.

13താങ്കളുടെ മാന്യസഹോദരിയുടെ മക്കൾ
അവരുടെ അഭിവാദനം അറിയിക്കുന്നു.